"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനിതശിശു വികസന വകുപ്പ്- കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനിൽ നിലവിൽ മാനേജിങ് ഡയറക്ടറായ ശ്രീമതി.ബിന്ദു.വി.സിയ്ക്ക് പുനർനിയമന വ്യവസ്ഥയിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതശിശു വികസന (ബി) വകുപ്പ്**

സ.ഉ.(കൈ) നം.10/2025/WCDD തീയതി,തിരുവനന്തപുരം, 31-05-2025

---

പരാമർശം:- 1. സ.ഉ.(സാധാ)നം.465/2016/എസ്.ജെ.ഡി തീയതി.04.10.2016.

2. സ.ഉ.(സാധാ)നം.421/2024/ഡബ്ല്യുസിഡിഡി തീയതി.06.11.2024.

**<u>ഉത്തരവ്</u>**

കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിലെ മാനേജർ(വെൽഫെയർ) ആയിരുന്ന ശ്രീമതി.ബിന്ദു.വി.സി യെ പരാമർശം (1) പ്രകാരം കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറായി അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുകയും തുടർന്ന് ടിയാളുടെ അന്യത്ര സേവന കാലാവധി 05.10.2017 മുതൽ ഓരോ വർഷത്തേയ്ക്ക് ദീർഘിപ്പിച്ച് നല്കുകയും 5 വർഷകാലയളവിനു ശേഷം ജീവനക്കാരിയുടെ പ്രവർത്തനങ്ങൾ സ്ഥാപനത്തിന്റെ ഉന്നതിക്കും പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും ഏറെ ഗുണകരമായിരുന്നു എന്ന വസ്തുത കണക്കിലെടുത്ത് 05.10.2021 മുതൽ 04.10.2024 വരെ ദീർഘിപ്പിച്ച് നല്കുകയും ചെയ്തിരുന്നു. തുടർന്നും ടി സ്ഥാപനത്തിലെ ടിയാളുടെ അന്യത്ര സേവന കാലാവധി 05.10.2024 മുതൽ ടി വ്യക്തിയുടെ വിരമിക്കൽ തീയതിയായ 31.05.2025 വരെ ദീർഘിപ്പിച്ച് നല്കി കൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ തസ്തികയിലേയ്ക്ക് സുതാര്യമായ രീതിയിൽ KPESRB വഴി നിയമനം നടത്തുന്നതിലേക്ക് മാനേജിംഗ് ഡയറക്ടറുടെ നിയമനത്തിനായി ബോർഡ് അംഗീകരിച്ച യോഗ്യതാ മാനദണ്ഡങ്ങൾ ഉൾപ്പെടുന്ന ശിപാർശ വനിതാ വികസന കോർപ്പറേഷനിൽ നിന്നും സമർപ്പിച്ചിരുന്നു. യഥോചിതമായ തെരഞ്ഞെടുപ്പ് പ്രക്രിയയിലൂടെ വനിതാ വികസന കോർപ്പറേഷനിൽ പുതിയ മാനേജിംഗ് ഡയറക്ടർ നിയമനത്തിന്

കാലതാമസം ഉണ്ടാകാവുന്നതാണ്.

(2)സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ച ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്കു വിധേയമായി, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനിൽ നിലവിൽ അന്യത്ര സേവന വ്യവസ്ഥയിൽ, മാനേജിങ് ഡയറക്ടറായ ശ്രീമതി.ബിന്ദു.വി.സി യ്ക്ക് 01.06.2025 മുതൽ ഒരു വർഷത്തേക്കോ സ്ഥിരമായി മറ്റൊരു മാനേജിങ് ഡയറക്ടറെ നിയമിക്കുന്നത് വരെയോ, ഇതിൽ ഏതാണ് ആദ്യം വരുന്ന കാലയളവ് അതുവരെ മാത്രം പുനർനിയമന വ്യവസ്ഥയിൽ നിയമനം നൽകി ഇതിനാൽ ഉത്തരവാകുന്നു.

i) ടിയാന്റെ സേവന വേതന വ്യവസ്ഥകൾ കെ.എസ്.ആർ ഭാഗം III ചട്ടം 100 പ്രകാരം (19.10.2016 ലെ സ.ഉ(പി) നം.159/2016/ധന യ്ക്ക് അനുസൃതമായി പരിഷ്കരിച്ചത്) പുനർ നിർണ്ണയിക്കേണ്ടതാണ്.

ii) 19.10.2016 ലെ സ.ഉ(പി)നം.159/2016/ധന പ്രകാരം നിലവിലുള്ള ശമ്പള സ്കെയിൽ ബാധകമാകുന്ന തസ്തികയിൽ നിന്നും വിരമിച്ചവരുടെ പുനർനിയമന വേതനം അവസാനം വാങ്ങിയ ശമ്പളത്തിൽ നിന്നും പെൻഷൻ കുറച്ചതായിരിക്കണം. പെൻഷനും പുനർനിയമന വേതനവും ചേർന്നു വരുന്ന തുക അവസാനം വാങ്ങിയ ശമ്പളത്തെ അധികരിക്കരുത്.

iii) വിരമിച്ച തസ്തികയുടെ പരിഷ്കരിച്ച സ്കെയിലിന്റെ അടിസ്ഥാനത്തിൽ HRA, CCA അനുവദിക്കാവുന്നതാണ്.

iv)മാതൃവകുപ്പിലെ നിരക്കുകൾക്കനുസൃതമായി ക്ഷാമബത്ത അനുവദിക്കാവുന്നതാണ്.

v) പെൻഷന് ക്ഷാമാശ്വാസം അനുവദിക്കാവുന്നതാണ്.

vi)വാർഷിക ഇൻക്രിമെന്റിനു അർഹതയുണ്ട്. എന്നാൽ Stagnation ഇൻക്രിമെന്റിനു അർഹതയില്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്. (vide U.O.No. 1877761/PU-C2/132/2021-FIN dated. 31.05.2025)

വിജിലൻസ് വകുപ്പ്.

പൊതുഭരണ (എസ് സി) വകുപ്പ്(Vide item No.2992 dated.28.05.2025.)

വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Sithara Vijayan
Date: 31-05-2025 23:27:18

സെക്ഷൻ ഓഫീസർ